

RAINBOW

SMCM NEWSLETTER


EDITORIAL BOARD

- Fr Joy Thottamkara C.Ss.R
- Mr. Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas
- Website Manager: Joby Cyriac


CONTENTS


- Editorial
- Messages
- Articles
- Family Column
- Community News
- Events
- Bible Quiz


# Editorial

Vol .6 Date: 25/12/13



മാനം തെളിഞ്ഞു – മനസ്സും! ശൈത്യം വസന്തത്തിനും വസന്തം വേനലിനുമായി വഴിമാറിയിരിക്കുന്നു. സദാ ചിരിതൂകി തേജസ്സോടെ ആദിത്യർ ആകാശത്തു നിലയുറപ്പിച്ചിരിക്കുന്നു. ഒരു വേനൽക്കാലം കൂടി വിരുന്നെത്തിയിരിക്കുന്നു. വസന്തത്തിൽ പൂത്തുലഞ്ഞ വൃക്ഷലതാദികളിൽ പ്രഭാകിരണങ്ങളുടെ തലോടലാൽ കായ്കനികൾ മൊട്ടിട്ടുതുടങ്ങിയിരിക്കുന്നു. രാത്രികൾ നക്ഷത്രശോഭയാൽ വർണ്ണാഭമായിരിക്കുന്നു. താരകങ്ങളുടെ കാവൽക്കാരിയായി പൂർണ്ണേന്ദു ഉറക്കമിളച്ചു ആകാശവീഥിയിൽ നിലയുറപ്പിച്ചിരിക്കുന്നു. മണ്ണും വിണ്ണും ഉൽസവലഹരിയിലാണ്ടിരിക്കുന്നു. വിണ്ണിലെ മാലാഖമാർ മംഗളഗീതങ്ങൾ പാടി ഭൂമിയിലേക്കു ആഗതമാകുന്നു. ഉണ്ണിയീശോയുടെ ജനനം വിളിച്ചറിയിച്ചുകൊണ്ട് ആ മൂന്നുനക്ഷത്രങ്ങൾ വഴികാട്ടിയായി വീണ്ടും പ്രത്യക്ഷമായിരിക്കുന്നു. പുൽക്കൂടിലേക്കുള്ള വഴികാട്ടിയായ ഈ നക്ഷത്രങ്ങൾക്കൊപ്പം നമ്മെ ക്രിസ്തുമസ്സിന്റെ വർണ്ണാഭയിലേക്കാനയിക്കുവാൻ നമ്മുടെ ‘ RAINBOW’ യും പ്രത്യക്ഷമായിരിക്കുന്നു.

ക്രിസ്തുമസ് എന്നും ഒരായിരം വർണ്ണചിറകുള്ള ഓർമ്മകൾ മനസ്സിൽ ഓടിയെത്തുന്ന വേളയാണ്. ജീവിതത്തിലെ ഏറ്റവും സന്തോഷവും ആഘോഷപരവുമായ നാളുകൾ. ഏതു പ്രായത്തിലും എന്നെന്നും ഓർമ്മയുടെ ചെപ്പിൽ സൂക്ഷിക്കാനുതകുന്ന കുറെ നല്ല ഓർമ്മകളാണു എന്നും ക്രിസ്തുമസ് നൽകുന്നത്. ക്രിസ്തുമസ് സമ്മാനങ്ങളുടെയും, ആഘോഷങ്ങളുടെയും, പാർട്ടികളുടെയുമൊക്കെ സമയമാണു ഭൂരിഭാഗം ആളുകൾക്കും. യഥാർത്ഥത്തിൽ ക്രിസ്തുമസ് – ഈശോയുടെ തിരുപ്പിറവി – നമ്മെ ഓർമ്മിപ്പിക്കുന്നതു ലാളിത്യത്തിന്റെയും എളിമയുടെയും വിനയത്തിന്റെയും മാതൃകയാണ്. ലോകചരിത്രത്തിലെ തന്നെ ഏറ്റം ലാളിത്യമാർന്ന ജനനമായിരുന്നു ഉണ്ണിയീശോയുടേത്. കാലിത്തൊഴുത്തിൽ ആടുകൾക്കു നടുവിലാണ് യേശുവിന്റെ ജനനം. പിതാവായ ദൈവത്തിനു യേശുവിന്റെ ജനനം ലോകത്തിലെ ഏറ്റവും വിലപ്പിടിപ്പുള്ള മഹലിൽ ഒരുക്കാമായിരുന്നു, പക്ഷേ യേശുവിനായി തിരഞ്ഞെടുത്തതു ഏറ്റവും ദരിദ്രമായ കാലിത്തൊഴുത്തായിരുന്നു.

അമ്മയായതിലൂടെയാണ് മേരി പരിശുദ്ധയായതു. സാധാരണക്കാരിൽ സാധാരണക്കാരിയായിരുന്നു മേരി. ഈശോയുടെ അമ്മയായി അനുഗ്രഹിക്കപ്പെട്ടതിലൂടെ നമ്മുടെ ഓരോരുത്തരുടെയും അമ്മയായി പരിശുദ്ധമറിയം. ഒരു കുഞ്ഞിനു ജന്മം നൽകുവാൻ ലോകത്തിൽ ഇത്രയേറെ ത്യാഗവും, കഷ്ടതകളും വഹിച്ച മറ്റൊരമ്മ വേറെ ഉണ്ടാവാനിടയില്ല. പ്രസവിക്കുവാൻ ഒരിടംപോലും ലഭിക്കാതെ കാലിത്തൊഴുത്ത് ആ അമ്മ സന്തോഷത്തോടെ തിരഞ്ഞെടുത്തു. പിറവി – ഒരു പുതുജീവൻ ഈ പ്രപഞ്ചത്തിൽ ഉടലെടുക്കുകയാണ്. ദൈവത്തിന്റെ വരദാനങ്ങളിൽ ഏറ്റവും മഹത്തരമാണു സൃഷ്ടി. ദൈവത്തിന്റെ ദാനമായി, പിതാവിന്റെ ഹൃദയത്തിൽ ഉൽഭവിച്ചു, അമ്മയുടെ ഉദരത്തിൽ വളർന്നു. ഈ ലോകത്തിലേക്കു പിറന്നു വീഴുന്ന കുഞ്ഞ്. നമുക്കറിയാം ഈശോയ്ക്കു ഏറ്റം പ്രിയപ്പെട്ടവരാണു കുഞ്ഞുങ്ങൾ. ഓരോ കുഞ്ഞിനു ജന്മം നൽകുമ്പോഴും ആ അമ്മ ഈശോയ്ക്കു വളരെ പ്രിയപ്പെട്ടവളും അനുഗ്രഹീതയുമാകുന്നു. ഈ ക്രിസ്തുമസ് വേളയിൽ പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയീശോയോടു നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ ആഘോഷവേളയിൽ ആ ലാളിത്യപൂർണ്ണമായ ജനനം നമുക്കു ഓർമ്മിക്കാം. ഈ ഉൽസവസമയത്തു കഷ്ടപ്പെടുന്ന, ഒരു നേരത്തെ ആഹാരത്തിനായി കേഴുന്ന അനേകായിരം കുഞ്ഞുങ്ങളെ നമ്മുടെ മനസ്സിൽ ഓർക്കാം. അവർക്കു ഒരു ചെറിയ സാന്ത്വനമെങ്കിലുമാകുവാൻ നമ്മുടെ പുതിയതായി രൂപീകരിച്ച ‘ Vincent Depaul Society’ യിലൂടെ നമുക്കു കഴിയട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാവർക്കും ക്രിസ്തുമസ് മംഗളങ്ങൾ നേർന്നുകൊണ്ടു, ഈ ലക്കം ‘RAINBOW’ നിങ്ങൾക്കായി സമർപ്പിക്കുന്നു.

**ഷിബു മാത്യു**



Dear Friends

**On behalf of the Syro Malabar Catholic Mission, New Zealand, I wish you a very blessed and joyful Christmas.**

Christmas is the celebration of the Incarnation of the word of God. The word of God became flesh; became human (John 1:14).

What was the first Christmas like? How did Jesus come into the world? Jesus came into the world just like you and me; naked, helpless, fragile and vulnerable. Like us, he also had to rely on others to take care of him. He knew hunger, thirst and pain. He experienced ridicule, rejection and faced the worst death that anyone could possibly have: crucifixion. He took upon himself the human condition. He identified himself with the poor, the suffering, the powerless and even the sinners. And this brings us to the power that Jesus brought into the world. The great power that Jesus brought into this world is the good news that God Loves Us; that he loves us without exceptions and reservations. The additional good news is that God is our father and we are all brothers and sisters; whether black, brown or white. This incredible message is God's Christmas gift to us. What we do with it is our gift to God.

Wishing you all joyful Christmas and every blessing in the year 2014.

**Fr Joy Thottamkara CSsR**



The Feast of the Nativity of Jesus is one of the most joyous days of the church. The Feast of the Birth of Jesus is also known as the "Incarnation of Christ". This means that Jesus became a man and came into this world to save us. We also refer to this joyous feast as "Christmas". It also reminds us that all creations took part in the Birth of Christ. The angels gave thanks with their songs; the heavens the star; the Wise Men gave the gifts of gold, frankincense and myrrh; the poor humble shepherds their thanks, worship and amazement; the earth gave the cave and humanity, the Virgin.

Do you have anything to give to Christ??? Let us give our hearts and our minds to Jesus.

The celebration of Christmas reminds us that Christ was born for each one of us. He came for me and for you. We have to realize that and surrender ourselves to Christ.

Merry Christmas and a Happy New Year!!!!

**Fr Jobin Vanniamparambil CSsR**

# Bible, the word of God....




**Why do we read Bible????** Is to get knowledge or to get first in Sunday school or to understand what God wants to speak to us. For me, the answer is to understand what God wants to speak to me. I remember the first time I read the Bible. It was kind of weird. I couldn't understand a word. I went to Mum and told her, "Mum I can't understand a word". Mum suggested that I read the New Testament. This was a turning point for me. I read the New Testament because the other books in the Bible were so hard; I read it simply because I didn't have anything else to do. I took the gospel of Mathew (obviously, by far the easiest part of the Bible) and started reading. Slowly, I began to understand the scripture.

By reading the Bible, I learnt many things about God which I never knew before. Example: Why did Jesus come to this world? Why did he die for us? Why is he going to come again “the Second Coming". I learnt all these things and much more. Now, I will let out one secret. If you want to ask God a question, a question that you really want an answer for, read the Holy Bible. It will definitely tell you the answer. If you are a person who never reads the Bible, try reading the New Testament. It will make you a holy person like Jesus, our Lord. Read and reflect on the Bible when you are sad, angry or happy; whatever be the situation or time you are in. I once got so scared by watching a horror movie that I couldn't go to sleep. Then, I got the Bible and read Psalms 91 which contained the assurance of God's Protection. It comforted me and I went into a deep slumber without any nightmares.

Another tip…. **Read the Bible with faith**. I remember the first time, I read the Bible. It gave me a message. The message was "to ask and to receive". I asked God to give me an “I pad air”. I was testing the word of God. However, I did not get one. Suddenly, I realised that it was not appropriate thing to ask God. So, I listened to my heart and asked him for the gift of Faith. Indeed, I did receive it in plenty. In fact, it is the faith in me that prompted me to write this article from my own experience...

**Joe Jose**

**Year** 6

## ഒരു ക്രിസ്തുമസ്സ് ചിന്ത

*(ഈയിടെ ഞാൻ വായിക്കാനിടയായ ഒരു ലേഖനം നിങ്ങളുമായി പങ്കുവയ്ക്കുന്നു)*

ഇന്നത്തെ ലോകത്തിന്റെ ഗതിവിഗതികൾ പഠിക്കുന്ന ഏതൊരാൾക്കും ഇനി അതിന്റെ അന്ത്യത്തിന് അധിക നാളുകൾ ഇല്ലെന്നു തോന്നും. പതനസ്ഥലത്തേക്ക് അടുക്കുംതോറും ഒരു നദിയുടെ ഗതിക്ക് ശക്തിയും വർദ്ധിക്കുമല്ലോ. ഇന്നത്തെ ലോകത്തിന്റെ തിടുക്കവും വേഗവും സൂചിപ്പിക്കുന്നത് അത് അതിന്റെ അനിവാര്യമായ അന്ത്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നുവെന്നാണ്. എന്നാൽ ഇതിലേക്ക് ചിന്തിക്കുവാൻപോലും സമയമില്ലാതെ വലിയ തിരക്കിലാണ് ഇന്നത്തെ ലോകം. അതും ഒന്നുമില്ലായ്മയ്ക്കുവേണ്ടി കുറെ ഒച്ചപ്പാട് എന്ന മട്ടിലാണ് കാര്യങ്ങൾ. അതെ ആധുനികലോകം വലിയ തിരക്കിലാണ് - ആത്മീയകാര്യങ്ങൾക്ക് സമയം ഇല്ലാത്ത വണ്ണം.

ഇതു പറയുമ്പോൾ ഇന്നു ലോകത്തെല്ലായിടത്തും മതകാര്യങ്ങൾക്കായി സമയം മാറ്റിവയ്ക്കുന്നവരുടെ എണ്ണം കൂടിയിട്ടില്ലേ എന്നു ചോദിക്കാം. ഉവ്വ് മതപരമായ കാര്യങ്ങൾ വളരെ കൂടിയിട്ടുണ്ട് എന്നതു ശരി. എന്നാൽ യഥാർത്ഥ ആത്മീയത ശോഷിക്കുകയും ധാർമ്മികത അധഃപതിക്കുകയുമാണെന്നു വ്യക്തമാകുന്ന സംഭവങ്ങളാണ് ഇന്നും നാടെങ്ങും നടക്കുന്നത്. യഥാർത്ഥ ആത്മീയതയ്ക്കായി മാറ്റിവയ്ക്കാൻ ആളുകൾക്ക് സമയമില്ല. ഈ സമയദൗർബല്യം കേവലം യാദൃശ്ചികമായി സംഭവിച്ചതല്ലെന്നും, ദൈവികകാര്യങ്ങളിൽനിന്ന് ജനത്തെ അകറ്റിനിറുത്താൻ ബോധപൂർവ്വമായ ശ്രമം ഉണ്ടെന്നും വ്യക്തമാക്കുന്ന ഒരു കഥ വായിക്കാനിടയായി. ഒരു സാത്താൻ, കുട്ടിപ്പിശാചുക്കളുടെ ഒരു രാജ്യാന്തരസമ്മേളനം വിളിച്ചുകൂട്ടുന്നിടത്താണ് കഥ ആരംഭിക്കുന്നത്.

സമ്മേളനത്തിൽ ആമുഖപ്രസംഗത്തിൽത്തന്നെ സാത്താൻ ഇങ്ങനെ പറഞ്ഞു: ആളുകൾ മതപരമായ കാര്യങ്ങളിൽ വ്യാപൃതരാകുന്നതിൽ നിന്നു തടയാൻ നമുക്കു കഴിയുകയില്ല. അവർ പള്ളിയിൽ പൊയ്ക്കോട്ടെ. അവിടത്തെ പരിപാടികളിലെല്ലാം പങ്കെടുത്തോട്ടെ. എന്നാൽ അവരെ യഥാർത്ഥ ആത്മീയതയിൽ എത്തിച്ചേരാതെ തടയാൻ നമുക്കു കഴിയണം. അവർ ദൈവവുമായി വ്യക്തപരമായ ബന്ധം സ്ഥാപിക്കാതെ, തങ്ങളുടെ രക്ഷകനുമായി അർത്ഥപൂർണ്ണവും സജീവവുമായ ബന്ധം നിലനിർത്താൻ കഴിയാതെ അവരെ വ്യർത്ഥമായ കാര്യങ്ങളിൽ തളച്ചിടാൻ നമുക്കു കഴിയണം.

അതു നമുക്ക് എങ്ങനെ കഴിയും? കുട്ടിപ്പിശാചുക്കൾ ഏകസ്വരത്തിൽ വിളിച്ചു ചോദിച്ചു. അനുചരന്മാരുടെ ഉൽസാഹം കണ്ട് സന്തുഷ്ടനായ സാത്താൻ ഒന്നു പല്ലിളിച്ചു. എന്നിട്ടും ശബ്ദം താഴ്ത്തി അതിനുള്ള മാർഗം ഇങ്ങനെ വിശദീകരിച്ചു: ജീവിതത്തിലെ അത്യാവശ്യമില്ലാത്ത കാര്യങ്ങളിൽ അവരെ തിരക്കുള്ളവരാക്കുക. അവരുടെ മനസ്സ് സദാ ഓരോ കാര്യങ്ങളിൽ വ്യാപൃതമായിരിക്കട്ടെ. അവൻ ഒന്നുനിർത്തി, കണ്ഠശുദ്ധി വരുത്തിയ ശേഷം വീണ്ടും തുടർന്നു: നിങ്ങൾ പണം ചിലവുചെയ്യാൻ അവരെ പ്രേരിപ്പിക്കുക. അവർ ചെലവാക്കട്ടെ. പിന്നെ കടം വാങ്ങട്ടെ. അവരുടെ ഭാര്യമാരെ നീണ്ട മണിക്കൂറുകളിലേക്കു ജോലിക്കുപോകാൻ പ്രേരിപ്പിക്കുക. ഭർത്താക്കന്മാരും ഓരോ ആഴ്ചയും ആറും ഏഴും ദിവസം ജോലിക്കു പോകട്ടെ. അതും പത്തും പന്ത്രണ്ടും മണിക്കൂർ നീണ്ടുനിൽക്കുന്ന ജോലി! കുട്ടികളോടൊത്ത് ചെലവഴിക്കാൻ അവർക്കുസമയം കിട്ടരുത്. അവരുടെ കുടുംബങ്ങൾ ജോലിയുടെ സമ്മർദ്ദം കൊണ്ടു വീർപ്പുമുട്ടട്ടെ. അപ്പോൾ കുടുംബബന്ധങ്ങളിൽ ക്രമേണ വിള്ളലുകൾ വീഴും. അവരുടെ മനസ്സിനെ സദാ ഉൽക്കണ്ഠയുടെ മുൾമുനയിൽ നിർത്തുക. അപ്പോൾ അവർക്കു രക്ഷകന്റെ നേർത്ത മന്ദമായ സ്വരം കേൾക്കാൻ കഴിയാതെപോകും

വണ്ടിയോടിച്ചു പോകുമ്പോഴുൾപ്പെടെ എപ്പോഴും അവർ റേഡിയോയോ കസ്സെറ്റ് പ്ലെയറോ ഓൺ ചെയ്തു കേട്ടുകൊണ്ടിരിക്കട്ടെ. വീടുകളിലെ ടി.വി., വിസിആർ, പഴ്സനൽ കംപ്യൂട്ടർ എന്നിവയെല്ലാം സദാസമയവും പ്രവർത്തിച്ചുകൊണ്ടിരിക്കട്ടെ. എല്ലാ റസ്റ്ററന്റുകളും കടകളും ജഡികോല്ലാസം പകരുന്ന സംഗീതത്താൽ മുഖരിതമാക്കുക. ഇതെല്ലാം അവരുടെ മനസ്സിനെ ഞെരുക്കുകയും ദൈവത്തോടുള്ള ബന്ധത്തെ മുറിക്കുകയും ചെയ്യും.

മേശപ്പുറങ്ങളെ മാസികകൾ കൊണ്ടും വർത്തമാനപ്പത്രങ്ങൾകൊണ്ടും നിറയ്ക്കുക. 24 മണിക്കൂറും വാർത്തകൾ സംപ്രേഷണം ചെയ്യുന്ന ചാനലുകൾ അവരുടെ സ്വസ്ഥത കെടുത്തും. അവരുടെ എഴുത്തുപെട്ടികൾ കാറ്റലോഗുകൾ, പുതിയ ഉൽപന്നങ്ങളുടെ സൗജന്യവിൽപനകളെക്കുറിച്ചുള്ള അറിയിപ്പുകൾ, ആദായകരമായി സാധനങ്ങൾ വാങ്ങാനുള്ള ഓഫറുകൾ, സൗജന്യസേവനങ്ങളെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ, വ്യാജപ്രതീക്ഷ ഉണർത്തുന്ന പരസ്യനോട്ടീസുകൾ എന്നിവകൊണ്ടു നിറയട്ടെ.

പത്രമാസികകളുടെ പുറംചട്ടകളും ടിവി പരിപാടികളും മോഡലുകൾ കയ്യടക്കട്ടെ. അതു തുടർച്ചയായി കണ്ട് ബാഹ്യസൗന്ദര്യമാണു പ്രധാനമെന്നു ഭർത്താക്കന്മാർ ചിന്തിച്ചു തുടങ്ങും. ഭാര്യമാരെക്കുറിച്ച് അതൃപ്തരാകുകയും ചെയ്യും. പകലത്തെ അധ്വാനത്തിനുശേഷം തികച്ചും ക്ഷീണിതരായി കിടക്കയിൽ എത്തുന്ന ഭാര്യമാർ ഭർത്താക്കന്മാരെ ശ്രദ്ധിക്കാതിരിക്കട്ടെ. അർഹമായ സ്നേഹം ലഭിക്കാതിരിക്കുമ്പോൾ ഭർത്താക്കന്മാർ കൂടുതൽ അസംതൃപ്തരാകും. കുടുംബബന്ധങ്ങൾ വളരെവേഗം ശിഥിലമായിക്കൊള്ളും. അവരുടെ വിനോദങ്ങൾ അധികമാക്കുക. വിനോദപരിപാടികൾ കഴിഞ്ഞ് അവർ മടങ്ങുന്നത് ഉൽസാഹത്തോടെയല്ല, പകരം തളർച്ചയോടെ ആകട്ടെ. പ്രകൃതിഭംഗി ആസ്വദിച്ചുനടന്ന് ദൈവസൃഷ്ടിയെക്കുറിച്ചു വിസ്മയിക്കാൻ കഴിയാതെവണ്ണം അവരെ ഏറെ തിരക്കുള്ളവരാക്കുക. പ്രകൃതിയിൽനിന്ന് അകറ്റി അവരെ തിരിച്ചുവിടേണ്ടത്, അമ്യൂസ്മെന്റ് പാർക്കുകളിലേക്കും സ്പോർട്സിലേക്കും ചലച്ചിത്രങ്ങളിലേക്കുമാണ്.

യഥാർത്ഥ ആത്മീയതയ്ക്കുപകരം വാണിജ്യവൽക്കരിക്കപ്പെട്ട മതത്തിന്റെ ചടങ്ങുകളിലേക്കും പണവും സമയവും ചെലവഴിച്ച് അത്ഭുതങ്ങൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്ന പരിപാടികളിലേക്കും അവരുടെ ഊർജ്ജത്തെ തിരിച്ചുവിടുക. ക്രിസ്മസ്, ഈസ്റ്റർ തുടങ്ങിയവ അവർക്ക് കേവലം ആഘോഷങ്ങളാകട്ടെ. ആഘോഷങ്ങളുടെ തിരക്കിൽ അതിന്റെ അർത്ഥത്തെക്കുറിച്ച് ആരും ചിന്തിക്കാതിരിക്കട്ടെ. തിരക്ക്, തിരക്ക്, തിരക്ക് – അവരെ എപ്പോഴും തിരക്കുള്ളവരാക്കുക. ദൈവത്തിൽ ലളിതമായി ആശ്രയിക്കുകയും വിശ്രമിക്കുകയും ചെയ്യാനുള്ള സ്വസ്ഥത ലഭിക്കാതെവണ്ണം അവരുടെ ജീവിതത്തെ തിരക്കും വേഗവും കൊണ്ടു നിറയ്ക്കുക. ഇതാണു നമ്മുടെ തന്ത്രം. എന്തു പറയുന്നു? സാത്താൻ ദീർഘമായ പ്രസംഗം ഉപസംഹരിച്ചുകൊണ്ടു ചോദിച്ചു: ‘‘ഓ, ഇതു കൊള്ളാം. ഈ പദ്ധതി വിജയിക്കും; ഗംഭീരം’’ – കുട്ടിപ്പിശാചുക്കൾ ആഹ്ലാദത്തോടെ ആർത്തുവിളിച്ചു. തുടർന്ന് അവർ അവരുടെ പ്രവർത്തനസ്ഥലത്തേക്കു വേഗത്തിൽ യാത്രയായി – തിരക്കും വേഗവും ആളുകളുടെ ജീവിതത്തിൽ നൽകി, ദൈവത്തിനും കുടുംബത്തിനുമായി മാറ്റിവയ്ക്കുവാൻ ഒട്ടും സമയമില്ലാത്തവരായി അവരെ മാറ്റുവാൻവേണ്ടി. ഒരു മാസ്റ്റർ പ്ലാനിന്റെ ഭാഗമായി അങ്ങനെ കുട്ടിപ്പിശാചുക്കൾ ഓരോ സ്ഥലത്തും തങ്ങളുടെ പ്രവർത്തനം ആരംഭിച്ചു... കഥ ഇവിടെ അവസാനിക്കുന്നു. ആട്ടെ, കുട്ടിപ്പിശാചുക്കൾ അവരുടെ പ്രവർത്തനത്തിൽ വിജയിച്ചുവോ? ഈ ചോദ്യത്തിന് ആരു മറുപടി പറയും? ഇതിനു മറുപടി പറയേണ്ടത് നമ്മുടെ ജീവിതപശ്ചാത്തലത്തിൽ നിന്നുകൊണ്ട് നാം ഓരോരുത്തരും തന്നെയാണ്. എങ്കിൽ, ഈ സന്ദേശം ഒരിക്കൽ കൂടി മനസ്സിരുത്തി വായിക്കുക – നിങ്ങൾ വലിയ തിരക്കിലല്ലെങ്കിൽ മാത്രം.

**Jameskutty Mannanal**

# THE SAINTS WITH JEANS AND SNEAKERS !!!!



We are the saints of today…... We love to wear Jeans and Sneakers, go the movies , listen to the music and hang out with FRIENDS. We drink *COCA COLA, PEPSI or SPIRITE* and eat burgers, popcorns and hotdogs. We play netball, soccer or cricket and love dancing and fishing. We keep ourselves updated with facebook, twitter and the internet technology. We learn martial arts, piano or drums. We read, write and draw and are interested in cooking, knitting and building. We play video games, enjoy gardening and loves to drive car……

But we also are:

Saints who reflect through prayer every day to God, who obey the elders in our family and are filled with love, joy and peace. We are the saints who help the poor and the needy; *who do a little good thing to make a big difference to the world we live in.* We are saints of today who are proud of being unique and different in identity. We are saints with a big heart of kindness and compassion; who have received the power of the HOLY SPIRIT, saved through JESUS, our Saviour and created by GOD, the father in his image.



We are saints who are modern yet spiritual.

It is never too late to be a saint. Join me today for being a saint.

**Liya Jose**

**Year 8**

# SPICES IN AYURVEDA



India is famous for spices and Ayurveda. The medicinal properties of spices are recorded in the Ayurveda texts which dates back to 800 B.C. Indian cuisine uses these exotic spices to impart aroma and flavor to the dishes.

**Cinnamon:** Cinnamon is the fragrant bark of cinnamon tree. It purifies blood and improves blood circulation. It improves cardiovascular health by working on the clogged blood vessels; very often, cardiac diseases are due to clogging or narrowing of blood vessels. **Tips**: For improved cardiac health replace your jam with a mixture of cinnamon powder and honey! Having half tsp cinnamon powder with honey in the morning helps keep away sinusitis, cold and arthritis too.

**Cardamom:** Often referred to as the Queen of Spices, Cardamom is the dried fruit of the cardamom plant. It gives aroma and flavor to the dishes. It was used as mouth freshner by the ancient Egyptians, and has digestive and antispasmodic properties. **Tips:** Chewing cardamom helps to reduce the spasm of chest and back muscles in asthma. In cases of urinary retention, having tender coconut water sprinkled with one fourth tsp of cardamom powder gives relief.

**Turmeric:** All of us are familiar with this golden spice. In Ayurvedic Medicine, turmeric is a well-documented treatment for various respiratory conditions like asthma, rhinitis, sinusitis and recurring chest infections. It has anti-inflammatory, antiviral and antibacterial properties, and is a good antioxidant. **Tips:** To strengthen the respiratory system and to get rid of allergies, take turmeric milk early morning in empty stomach. To prepare Turmeric milk; add half tsp organic turmeric powder to 1 cup boiled milk. Having 1 tsp of fresh turmeric juice early morning helps to reduce inflammation of joints in arthritis. For radiant and glowing skin; apply a face mask made of turmeric, bengal gram powder and milk for 10 minutes.

**Pepper:** Black pepper is known as the King of Spices. Pepper is thermogenetic(heat generating) and therefore, helps in increased metabolism, body heat and increased blood circulation. Pepper is a strong decongestant and has antibacterial and antiviral action. **Tips:** Having soups pepped up with pepper powder will keep you warm during the cold winters. A herbal tea made from crushed pepper corns and ginger helps to get rid of chest and throat congestions. Pepper stimulates the thyroid gland and improves it's functioning in cases like hypothyroidism. However if there is a history of ulcers, one should be careful about the usage of this strong and pungent spice.

**Cloves:** Clove is the dry unopened flower of clove tree. They are natural painkillers and have antiseptic properties. They work as expectorant and are also good for digestion. **Tips:** Applying Clove powder mixed with warm sesame oil to gums and tooth helps reduce toothache. Applying a paste of cloves, honey and lemon juice helps to reduce acne. A tea made from 4 cloves, a stick of cinnamon and 3 crushed cardamom seeds will help loosen up mucus. Clove paste made with rosewater can be applied for stye on eye.

**Cumin:** Cumin seeds might look too simple but they pack a punch when it comes to flavor. It is native to Egypt and is an excellent source of Iron. They are also rich in potassium and is good for cardiovascular system. **Tips:** Cumin is a good remedy for travelling sickness and nausea. Roasted cumin seeds has a soothing effect in ulcerative colitis. These tiny seeds can enhance lactation in nursing mothers. Half to one tsp of jeera powder is the recommended dosage in adults.

**Dr Mary Smitha**

# ശാന്തിയുടെയും സമാധാനത്തിന്റെയും ഒരു ക്രിസ്തുമസ്!



2000 വർഷങ്ങൾക്കു മുമ്പ് ദൈവം മനുഷ്യനായി ഭൂജാതനായപ്പോൾ സർഗ്ഗീയ സൈന്യവ്യൂഗം ചേർന്ന് പാടി “ അത്യൂന്നതങ്ങളിൽ ദൈവത്തന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള ജാതി-മത വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും ശാന്തിയും സമാധാനവും വാഗ്ദാനം ചെയ്തുകൊ് ഉണ്ണിയേശുവിന്റെ ഈ ജനനത്തെ ആട്ടിടയന്മാർക്ക് അറിയിച്ച കൊടുക്കുന്നതായിരുന്നു ഈ സന്ദേശം.

ഏതാനും നൂറ്റാുകൾക്ക് ശേഷം ഉണ്ണിയേശുവിന്റെ ഈ ജനനം ക്രിസ്തുമസ് എന്ന പേരിൽ ലോകം എമ്പാടും ആഘോഷിക്കാൻ തുടങ്ങി. കേരളത്തിൽ നിന്നും വന്നിരിക്കുന്ന നമുക്ക് ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ ആദ്യം ഓർമ്മയിൽ വരുന്ന ചിത്രം തണുപ്പുള്ളരാത്രിയിൽ നക്ഷത്രവിളക്കുകളുടെയും സംഗീതഉപകരണങ്ങളുടെയും അകമ്പടിയോടെയുള്ള ക്രിസ്തുമസ് കരോൾ ആണ്.

ന്യൂസലന്റിൽ എത്തി ചേർന്നതിന് ശേഷം നമ്മുടെ പൈതൃകമായി ക്രിസ്തുമസ് ആഘോഷരീതികൾക്ക് ചില വ്യതിയാനങ്ങൾ തോന്നിയിട്ടുായിരിക്കും. തണുപ്പുള്ള രാത്രികൾക്കു പകരം ന്യൂസിലാന്റിലെ വേലൽചൂടും, നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്നു പച്ച പരവതാനി വിരിച്ച പുൽമേടുകളും റെയിൻ സീറിന്റെ വിയിൽ ജിംഗിൾബെൽ എന്ന ക്രിസ്തുമസ് ഗാനവുമായി വന്ന് സമ്മാനപൊതി വിതരണം ചെയ്യുന്ന സാന്താക്ലോസിന്റെ ചിത്രമാണ് ഓർമ്മയിൽവരുക.

ജീവിതസാഹചര്യവും കാലാവസ്ഥയും സാമൂഹ്യവ്യവസ്ഥയും വ്യത്യസ്ഥമായ ഒരു സാഹചര്യത്തിലാണ് നാം വസിക്കുന്നതെങ്കിലും, യേശുവിന്റെ ജനനം വിഭാവനം ചെയ്യുന്ന സന്ദേശം ഒന്ന് തന്നെയാണ്. സഭാചരിത്രത്തിന് - സഭാശാസ്ത്രവുമായുള്ള ബന്ധം വെളിപ്പെടുത്തുന്ന ഒന്നുകൂടിയാണ് ഈ ക്രിസ്തുമസ് ആഘേഷം, തലമുറകളായി ഇന്നും നാം ആഘോഷിക്കുന്നു. അടുത്ത തലമുറയെ വാർത്തെടുക്കേവരാണല്ലോ നാം? ഈ കൂട്ടായ ഉത്തരവാദിത്വത്തിൽ നമുക്ക് ഒരിക്കലും പിൻമാറുവാൻ സാധിക്കുയില്ല. നമ്മുടെ കുഞ്ഞുങ്ങൾക്ക് നാം കൊടുക്കുന്നത് എന്തുവോ - അതേ അവർക്ക് സ്വീകരിക്കാൻ കഴിയൂ.അതിന് ചോർച്ചകൾ വരാതെ പിൻതലമുറയെ വാർത്തെടുക്കണം. അതിന്റെ കാതലായ ഉത്തരവാദിത്വമാണ് നമ്മിലുള്ളത്. ഇതിനായി ഒത്തൊരുമയോടെ യത്നിക്കാം, നമ്മുടെ കൂട്ടായ പരിശ്രമം അത്തരത്തിലുള്ളതാകട്ടെ.

കാലത്തിന്റെയും, വന്ന് ചേർന്നിരിക്കുന്ന സ്ഥലത്തിന്റെയും പരിഷ്ക്കാരത്തിന്റെയും പേരിൽ നമ്മുടെ മൂല്യങ്ങൾ മങ്ങൽ ഏൽക്കാതെ നമുക്ക് സൂക്ഷിക്കാം. ദൈവം എന്ന സമാധാനം സ്ഥായിയായി നമ്മുടെ കുടുംബത്തിൽ രൂപപ്പെടുത്താനും - വളർത്തിയെടുക്കാനും, അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും ശുശ്രൂഷകരായി ഈ ക്രിസ്തുമസ് ദിനത്തോടെ ഒരു പുത്തൻ ഉണർവ് കൈവരിക്കുന്നതിനും, സമൂഹത്തിന്റെ നന്മയ്ക്കും വേിനീതിയുടേയും ന്യായത്തിന്റെയും മുൻ നിരക്കാരായി നമുക്ക് മാറാം...

ദൈവം അതിന് ഇടവരട്ടെ എന്ന പ്രാർത്ഥനയോടെ...

ഹൃദയത്തിന്റെ ഭാഷയിൽ വിനയപുരസരം

Sebastian Kottackal

അന്നും മരം കോട്ടുന്ന തണുപ്പ് ദിവസമായിരുന്നു. അതിരാവിലെ വൃദ്ധനായ ആ മനുഷ്യൻ തന്റെ കൃഷിയിടത്തേക്ക് നടക്കുകയാണ്. നടക്കുവാൻ നന്നേ ബുദ്ധിമുട്ടുളളള അയാൾ വളരെ പതുക്കെയാണ് നീങ്ങുന്നത്. അവസാനം അയാൾ തന്റെ ഏകസമ്പാദ്യമായ തോട്ടത്തിലെത്തി. ധാരാളം ചെറുമരങ്ങളും ചെടികളും ഉള്ള ആ തോട്ടത്തിലൂടെ അയാൾ കുറച്ചുനേരം ഉലാത്തി.

പിന്നെ തന്റെ ആഗമനോദ്ദേശം അവിടെയുള്ള ചെറുമരങ്ങളെ അറിയിച്ചു. " നോക്കൂ എനിക്ക് വയസ്സായി. നടക്കാനും ബുദ്ധിമുട്ട്, നിങ്ങളല്ലാതെ എനിക്ക് വേറാരുമില്ല" ഇദ്ദേഹം എന്താണ് പറഞ്ഞുവരുന്നതെന്നോർത്ത് മരങ്ങൾ ചെവികൂർപ്പിച്ച് ശ്വാസമടക്കി നിന്നും. കൂവിയാർത്ത് വന്ന കുഞ്ഞിക്കാറ്റ് സാഹചര്യം മനസിലാക്കി വഴി മാറിപ്പോയി. അയാൾ വീണ്ടും തുടർന്നു. " എനിക്കൊരു നല്ല വടി വേണം; എന്നെ താങ്ങാൻ കരുത്തുള്ള ഒന്ന്. നിങ്ങളെ മുറിക്കാൻ എനിക്ക് വിഷമമുണ്ട്. കാരണം, നിങ്ങളെല്ലാം എനിക്ക് മക്കളെപ്പോലെയാണ് " . " എങ്കിൽ മുറിക്കാതിരുന്നുകൂടെ" കൂട്ടത്തിൽ ബലമുള്ള മഹാഗണി പിറുപിറുത്തു. " മിണ്ടാതിരിക്കൂ അയാൾ നമ്മുടെ യജമാനനാണ്." അടുത്ത് നിന്ന കൊങ്കിണിച്ചെടി പറഞ്ഞു. അയാൾ പ്രതീക്ഷയോടെ മരങ്ങളെയെല്ലാം മാറി മാറി നോക്കിയിട്ട് പറഞ്ഞു. " നിങ്ങൾ ആരെങ്കിലും സ്വമനസ്സാലെ മുന്നോട്ട് വരണമെന്ന് ഞാനഭ്യർത്ഥിക്കുന്നു." പെട്ടെന്ന് അവിടം ശബ്ദമുഖരിതമായി, അപ്പോൾ നമ്മളെ നട്ടുനനച്ചത് ഇതിനായിരുന്നോ; എങ്കിൽ നേടണ്ടായിരുന്നല്ലോ; എനിക്ക് വയ്യ ഈ സുന്ദരമായ രൂപം ഉപേക്ഷിച്ച് ഈ വൃദ്ധന്റെ കൈയ്യിലെ ഉണങ്ങിയ വടിയാകാൻ; നടക്കാൻ വയ്യെങ്കിൽ വീട്ടിലിരുന്നുകൊള്ളട്ടെ; ഞാനേതായാവും സമ്മതിക്കില്ല, നീയും സമ്മതിക്കരുത് കേട്ടോ ഇങ്ങനെയൊക്കെ തമ്മിൽ തമ്മിൽ പറഞ്ഞുകൊണ്ട് മരങ്ങൾ കലപില കൂട്ടിക്കൊണ്ടിരുന്നു. ആരും മുന്നോട്ട് വരാതിരുന്നാൽ വൃദ്ധനാകെ സങ്കടമായി. താൻ നട്ട് വളർത്തിയ ചെടികൾ തനിക്കൊരാവശ്യം വന്നപ്പോൾ ഇതാ പുറം തിരിഞ്ഞു നിൽക്കുന്നു. പെട്ടെന്നൊരു ശബ്ദം " എനിക്ക് സമ്മതമാണ്. " എല്ലാവരുടെയും കണ്ണുകൾ ശബ്ദത്തിന്റെ ഉറവിടം തേടി. കൂട്ടത്തിൽ ഏറ്റവും പ്രായം കുറഞ്ഞ മെലിഞ്ഞ കൊങ്കിണിച്ചെടി. " യജമാനനേ, എനിക്ക് വേണ്ടത്ര ബലമില്ല. എങ്കിലും എന്നെ രണ്ടായി മുറിച്ച് കൂട്ടിക്കെട്ടിയാൽ അങ്ങേക്കാവശ്യമുള്ള ബലം കിട്ടും." സ്നേഹത്തോടെ അയാൾ ആ കൊച്ചുചെടിയെ തഴുകി.

വളരെ ശ്രദ്ധയോടെ അയാൾ ആ ചെടിയെ മുറിച്ച് മനോഹരമായ ഒരു വടിയാക്കി മാറ്റി. മറ്റ് മരങ്ങളും ചെടികളും സഹതാപത്തോടെ അത് നോക്കി നിന്നു. ചില മരങ്ങൾ ഇലകൾ പൊഴിച്ച് തങ്ങളുടെ പ്രതിഷേധം അറിയിച്ചു. വടിയുടെ സഹായത്താൽ വൃദ്ധന് നന്നായി നടക്കാമെന്നായി. തന്റെ ജീവിതം സഫലമായതായി കൊങ്കിണിച്ചെടിക്കും തോന്നി. വെട്ടിമുറിക്കലിന്റെയും ചെത്തിമിനുക്കലിന്റെയും വേദന അവൾ കാര്യമാക്കിയില്ല.

രണ്ട് ദിവസം കഴിഞ്ഞ് വടിയും കുത്തി തന്റെ കൃഷിയിടം സന്ദർശിക്കാൻ വന്ന വൃദ്ധൻ ഞെട്ടിപ്പോയി. കഴിഞ്ഞ രാത്രിയുണ്ടായ കൊടുംകാറ്റിൽ അവിടെയുണ്ടായിരുന്ന സർവമാനചെടികളും മരങ്ങളും നിലംപൊത്തിയിരുന്നു. ചിലതൊക്കെ ഒടിഞ്ഞു നുറുങ്ങിപ്പോയിരുന്നു. " ഇനി അതൊക്കെ വിറകിനുമാത്രമേ കൊള്ളൂ." ഹൃദയവേദനയോടെ വൃദ്ധൻ ഓർത്തു. എന്നിട്ട് തന്റെ വടിയിൽ മുറുകെ പിടിച്ച് " നീ എന്നും എന്റെ കൂടെയുണ്ടായിരിക്കും. ഒരിക്കലും നിന്നെ ഞാൻ കൈവിടില്ല." സുരക്ഷിതത്വത്തോടെ ആ വടി വൃദ്ധന്റെ കൈകൾക്കുള്ളിലേയ്ക്ക് അമർന്നിരുന്നു. അതേ സന്തോഷത്തോടെ നൽകുന്നവനെ ദൈവം സ്നേഹിക്കുന്നു. നമ്മുടെ ചെറിയ ത്യാഗങ്ങൾക്കു ദൈവം എപ്പോഴും വലിയ പ്രതിഫലങ്ങൾ നമുക്കായി കരുതിവയ്ക്കുന്നു.

**മേരിക്കുട്ടി സെബാസ്റ്റ്യൻ**

പലപ്പോഴും ... നമ്മുടെയൊക്കെ മനസ്സിൽ ഒരു മൃദുമന്ത്രണമായി ഉതിരുന്ന വാകകുകളാണിത്. നമ്മുടെ വേണ്ടപ്പെട്ടവർ... സുഹൃത്തുക്കൾ... നമ്മൾ ആരാധിക്കുകയും ... മാതൃകയാക്കാൻ ആഗ്രഹിച്ചിരുന്നവരൊക്കെ... വിവാഹമോചനത്തിന്റെ പാതയിലാണെന്നറിയുമ്പോൾ... നമ്മൾ പ്രാർത്ഥിക്കാറുണ്ട്... നെടുവീർപ്പോടെ പറയാറുണ്ട് " അവർ പിരിയാതിരിക്കട്ടെ''എന്ന്. എന്തുകൊണ്ടാണ് ഇന്ന് വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നത്. ഇന്നത്തെ തലമുറ പരസ്പരം പ്രണയിച്ച്.. ഇഷ്ടാനുഷടങ്ങൾ മനസ്സിലാക്കി പൊരുത്തപ്പെട്ടുപോകുവാൻ പറ്റുമോ എന്നറിഞ്ഞതിനുശേഷം മാത്രം വിവാഹം കഴിക്കുന്നവരാണ്. എന്നിട്ടും എന്തേ... അവരിൽ പലരുടേയും ബന്ധം അല്പായുസ്സ് മാത്രമായി പോകുന്നത്. നമ്മുടെയൊക്കെ മുൻഗാമികൾ പരസ്പരം കാണുകപോലും ചെയ്യാതെ മാതാപിതാക്കൾക്കും സഭയ്ക്കും വിധേയപ്പെട്ട് വിവാഹജീവിതം നയിച്ചിരുന്നവരാണ്. അവരുടെയൊക്കെ ജീവിതം നമ്മുടെ പുതു തലമുറയ്ക്ക് വഴികാട്ടിയാവണം. കാരണം... അവർ ദൈവത്തിന് തങ്ങളുടെ ജിവിതത്തിൽ മറ്റാരേക്കാളും, എന്തിനേക്കാളും മുൻതൂക്കം കൊടുത്തു.



വി. മർക്കോസിന്റെ സുവിശേഷം 10:8-12 വരെയുള്ള വാക്യങ്ങളിൽ ഇങ്ങനെ പറയുന്നു. "ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ. ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരാളെ വിവാഹം ചെയ്യുന്നവളും വ്യഭിചാരം ചെയ്യുന്നു''. വി. പൗലോസ് കോറിന്തോസുകാർക്കായി എഴുതിയ ലേഖനം 1 കോറി. 7:10-15 വാക്യങ്ങളിൽ വളരെ ശക്തവും വ്യക്തവുമായി പറയുന്നുണ്ട്. " ഭാര്യ ഭർത്താവിൽ നിന്ന് വേർപിരിയരുത്. ഭാർത്താവ് ... ഭാര്യയെ ഉപേക്ഷിക്കരുത് ''.

വിവാഹം സ്വർഗ്ഗത്തിൽ വച്ച് നടക്കുന്നുവെന്നാണല്ലോ സങ്കല്പം. അപ്പോഴത് പാവനവും പരിശുദ്ധവുമായ ബന്ധമാണ്. ദൈവത്തിന്റെ സ്നേഹത്തിൽ വിവാഹമെന്ന് കൂദാശയിലൂടെ ദമ്പതികൾ ഒന്നായി തീരുമ്പോൾ അവിടെ കുടുംബത്തിന്റെ ദാനമായ കുഞ്ഞുങ്ങൾകൂടി കടന്നുവരുമ്പോൾ... കുടുംബം പൂർണ്ണമാകുന്നു. പിന്ന എങ്ങനെയാണ് ഈ കുടുംബങ്ങൾ തകരുന്നത്. ബന്ധങ്ങൾ അറ്റുപോകുന്നത്. ദൈവത്തിന്റെ പരിശുദ്ധിയിൽ ഒന്നുചേരുന്നവർ... പിശാചിന്റെ പ്രവർത്തനത്താൽ വേർപിരിയുന്നു. ദമ്പതികൾക്കിടയിൽ നിന്നും യേശുവിനെ അകറ്റി നിർത്തുമ്പോൾ... അവിടെ സാത്താൻ കടന്നുകൂടുന്നു. 32 വർഷത്തെ ദാമ്പത്യജീവിതത്തിനുശേഷം വിവാഹമോചനം നേടിയ ഓരാളുമായി സംസാരിക്കവേ... അയാൾ പറഞ്ഞു "I am so relieved " അതു പറയുമ്പോൾ ആ മുഖത്ത് കണ്ട പ്രകാശം ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ദീർഘനാളത്തെ ജയിൽ വാസത്തിനുശേഷം പുറത്തുവന്ന ഒരാളുടെ സന്തോഷം... സ്വാതന്ത്ര്യം... ആ കണ്ണുകളിൽ ഞാൻ കണ്ടു. 90-ാം വയസ്സിലും ഡിമൻഷ്യ ബാധിച്ച തന്റെ ഭാര്യയെ കൊച്ചുകുഞ്ഞിനെപ്പോലെ സ്നേഹിച്ച്, ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന ഒരപ്പൂപ്പനെ ഞാൻ പരിചയപ്പെട്ടു. നല്ലവനായ ആ മനുഷ്യന്റെ വാക്കുകളിലും... പ്രവൃത്തിയുമൊക്കെ നിറഞ്ഞു നിന്നത് ദൈവത്തിൽ അടിയുറച്ച് വിശ്വാസവും പരസ്പര സ്നേഹവും ആയിരുന്നു.

1കോറിന്തോസ് 13:4-9വരെയുള്ള വാക്യത്തിൽ പൗലോസ് ശ്ലീഹാ സ്നേഹത്തെക്കുറിച്ച് വളരെ മനോഹരമായി ഇപ്രകാരം വർണ്ണിക്കുന്നു.'' സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല, സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, സത്യത്തിൽ ആഹ്ളാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു. സകലതും പ്രത്യാശിക്കുന്നു. സകലത്തേയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല.'' 90 വയസ്സായ ആ അപ്പച്ചന്റെ സ്നേഹം മേൽപ്പറഞ്ഞ തരത്തിലുള്ളതാണെന്നുള്ളതിൽ ഒരു സംശയവും എനിക്ക് തോന്നിയില്ല. ഒരുമിച്ച് പ്രാർത്ഥിക്കാനും, അമ്മച്ചിയുടെ കൈപിടിച്ച് പള്ളിയിൽ കൊണ്ടുപോകാനും ഒക്കെ സമയം കണ്ടെത്തിയപ്പോൾ... ദൈവകൃപ അവരുടെ സന്തതി പരമ്പരയിലേക്ക് ഒഴുകിയിറങ്ങി. ഇവിടെ തോബിത്തിന്റെ പ്രാർത്ഥന ഓനാം ഓർക്കേണ്ടതുണ്ട്. തോബിത്ത് 8: 7-ാം വാക്യം വിവാഹ വാഗ്ദാനത്തെ എത്രമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.



“കർത്താവേ... ഞാൻ ഇവളെ സ്വീകരിക്കുന്നത് ജഢികമായ അഭിലാഷത്താലല്ലാ..; നിഷ്കളങ്കമായ പ്രേമത്താലാണ്. അങ്ങയുടെ കാരുണ്യം എനിക്ക് ഉണ്ടാകണമെ. ഇവളൊടൊത്ത് വാർദ്ധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും.” ലോകത്തുള്ള ഓരോ ഭർത്താക്കന്മാരും ഇങ്ങനെ പ്രാർത്ഥിച്ചിരുന്നെങ്കിൽ... ഈ ലോകം മറ്റൊരു സ്വർഗ്ഗമായേനെ... പരസ്പരം അടുത്തറിഞ്ഞവർ... ദീർഘകാലത്തെ പ്രണയത്തിനു ശേഷം വിവാഹിതരാകുന്നവർ... മാസങ്ങൾക്കുശേഷം അല്ലെങ്കിൽ വർഷങ്ങൾക്കുശേഷം പിണങ്ങിപ്പിരിയുമ്പോൾ... കാരണം തേടുന്നവരുടെ മുമ്പിലേക്ക് ... ഞാൻ എനിക്ക് എന്നുള്ള ഉത്തരവുമായി അവർ കടന്നുവരുന്നു. സ്നേഹം, വിശ്വാസം, ത്യാഗം, ബഹുമാനം ഇതൊക്കെ നഷ്ടപ്പെടുമ്പോൾ... ബന്ധങ്ങൾ പലതും ബന്ധനങ്ങളാകുന്നു. പാരമ്പര്യതനിമയും... ധാർമ്മികമൂല്യങ്ങളും ഒക്കെ ആവോളം മുറുകെ പിടിച്ചിരുന്ന ആർഷഭാരതത്തിലും വിവാഹമോചനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്തിനേറെ... വിവാഹമെന്ന കൂദാശ വളരെ പാവനമായി കണ്ടിരുന്ന കത്തോലിക്കാ സഭയിൽ പോലും... വിവാഹമോചനത്തിന്റെ എണ്ണം പെരുകികൊണ്ടിരിക്കുന്നു. സ്വർഗ്ഗതിതൽ വച്ചുനടക്കുന്ന വിവാഹം ഭൂമിയിൽ ഒരുമിച്ചു ജീവിച്ചു തീർക്കാൻ പലർക്കും സാധിക്കുന്നില്ല. പരസ്പരം പഴിചാരാൻ കണ്ടെത്തുന്ന കാരണങ്ങളാകട്ടെ.. നിരവധിയും പുതുമതേടിപ്പോകുന്നവർ... വർഷങ്ങളായി ഒരുമിച്ചു ജീവിച്ചിട്ടും പൊരുത്തപ്പെടാൻ പറ്റാത്തവർ... രോഗത്തിലും ദുഃഖത്തിലും ഒറ്റയ്ക്കാക്കി കടന്നു കളയുന്നവർ... ദാരിദ്ര്യത്തിലും ദുരിതത്തിലും മുങ്ങിത്താഴുമ്പോൾ ഇണയെ ഒറ്റയ്ക്ക് തനിച്ചാക്കി തോണിതുഴഞ്ഞ് നിങ്ങുന്നവർ... ഈശ്വരവിശ്വാസം, നിസ്വാർത്ഥമായ സ്നേഹം. ഓരോ കുടുംബങ്ങളിലും ഈശോയ്ക്ക് നാഥനായി വാഴാൻ ഇടംകൊടുക്കണം. ദൈവസ്നേഹം കൂട്ടിപേർക്കപ്പെട്ട ആ കണ്ണികളെ തകർക്കാൻ പിശാചിന്റെ പ്രലോഭനങ്ങൾക്ക് കഴിയുകയില്ല. തെറ്റുകളും... കുറ്റങ്ങളും മാനുഷികളാണ്. പക്ഷേ അത് പരസ്പരം തിരുത്താനും ക്ഷമിക്കാനും നമുക്കകഴിയണം. സ്നേഹം നഷ്ടപ്പെട്ട മനസ്സുകൾ വരണ്ട മരുഭീമിപോലെയാണ്. അവിടെ ദൈവത്തിന്റെ ആത്മാവ് വസിക്കകയില്ല. പങ്കാളികൾ തമ്മിലുള്ള ബന്ധം.... ഭാര്യഭർത്താക്കന്മാരുടെ സ്നേഹം. ത്യാഗനിർഭരമാകണം, വിശ്വാസപൂരിതമാകണം, ഈശോയ്ക്ക് അർപ്പിക്കുന്ന ബലിയാകണം. അതിനു കഴിയാതെ വരുമ്പോൾ പൊരുത്തകേടുകൾ ഉടലെടുക്കുന്നു. പകയുടെയും വിദ്വേഷത്തിന്റെയും പുകമറകടന്നു കൂടുന്നു. ഓരോ ക്രൈസ്തവന്റേയും കുടുംബം ദൈവവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടതാകണം.

അവിടെ സന്ധ്യാപ്രാർത്ഥനയുടെ നനുത്ത സംഗീതവും കൊന്തമണികളുടെ കിലുക്കവും ഉയരണം. അപ്പോൾ സ്വർഗ്ഗത്തുനിന്നും... കാവാൽ മാലാഖമാർ ചിരകുവിരിച്ച് അവർക്കുമുകളിൽ .........

**Tessy Joji Nagapuzha**

# God’s Family

Through this Christmas Edition of Rainbow, we introduce Mr Jose Joseph and family. Mr Jose or “Josechettan” as he is fondly called by the parishioners is one of the key members of the Mission. He is a Sunday School; the organiser of “the Study of Saints” program for the Sunday School Children.

A man of prayer, few words and a big smile; he can always be seen leading the prayer at the Night Vigil. He is also one of the key members of the Vincent De Paul Society of the Parish. His wife Foncy is one of the lead singers of the parish choir. This wonderful couple is blessed with two children Joe and Liya who are also quite active in the church activities.



**I will bless the Lord at all times; his praise shall continually be in my mouth. The young lions suffer want and hunger, but those who seek the Lord lack no good thing. (Psalms- 34: 1,10)**

I am Jose Joseph. I migrated to New Zealand with my family in 2009. We hail from Vaikom, Ernakulum. I am married to Foncy and we are blessed with two children, Liya and Joe. I am working with the BNZ bank and Foncy is employed with the Auckland City Hospital.

While in India, I never had time to actively pursue the church activities even though I had a deep desire to do so. After my pre-degree, I spent 10 years working for the Indian Air Force as an aircraft technician in various parts of India. I completed my post graduation while working in IAF. Then I moved to banking career and spent the next 10 years working with the State Bank of India in Kerala and Tamil Nadu. It was extremely difficult to spend time with God, because of the busy schedule of life and the demands of career in India. **We know that in everything God works for good, with those who love him, who are called according to his purpose (Romans 8.28)**

The most important blessing Lord has kept for us in this country is having our own church and a group of good friends. I am extremely delighted to be part of the Syro Malabar Mission in Auckland and find it a great blessing to be involved with the activities including Sunday School. I had faced a spiritual drought while working outside Kerala and on many occasions faced difficulty in even participating in a Holy Mass on a Sunday. I am thankful to God that we are all blessed with all the spiritual services we receive in Kerala and even more. We are the most blessed community in Oceania with the presence of two dedicated priests. God is showering blessings on us through all our activities including the Friday weekly adoration and night vigil on first Fridays.

Every day in life is a struggle. After coming to NZ, I faced troubles in finding a job and many other issues which I never faced while in India. God is training us in his own way. His loving kindness and mercy is leading the way even when we remain unfaithful. God has a definite plan for all of us when he brought us to this beautiful country. We are the missionaries to spread the light of Jesus and the values of our faith among the people of "no religion" in this country.

**Let us join hands and surrender ourselves to the Lord for this mission.**

# Community News




**Parish Feast, First Holy Communion and Confirmation held on 13th October 2013**.

**Sunday School Christmas Celebrations**: The Sunday School Academic Year 2013 came to a spectacular end with the Sunday School Christmas Celebrations held on 8th of December 2013. Many Sunday School Children participated in the various cultural programs held on the day. Fr Joy and Fr Jobin gave messages and Sunday School Children with 100% attendance received special prizes.

**Sunday School Carol Singing: The Sunday School Choir singing Christmas Carols on Ecumenical Christmas Nite**



# Bible Quiz-IV

This issue of the Bible Quiz focuses on the **Gospel of Mathew**

Sunday School Students are encouraged to send in their answers at the earliest as prizes will be given to the first three winners.

The winners of the last Bible Quiz are : Christy Robichen, Manuel Tomy and Harris Tomy

## Congratulations to all the winners!

**Kindly read the instructions before attempting**.

- Only Sunday School Children are eligible to participate.
- Answers should be sent to rainbowsmcm@gmail.com on or before 15th January2014.
- All answers should be based on the Catholic Edition of the Bible.
- Prizes will be given to the first three winners.

**Questions**

**1.** The King who succeeded Herod as the King of Judea was _____________**.**
**2.** The prophet who prophesied about the killing of young boys in Bethlehem was _________.
**3.** ____________was the man about whom Prophet Isaiah was talking about when he said "Someone is shouting in the desert, prepare a road for the Lord".
**4.** The disciples James and John were the sons of _________________.
5. The three towns where Jesus performed the maximum miracles but did not turn away from sin were ______________ , ____________ and ____________.
6. The Chapter in the Gospel of Mathew which outlines the purpose of the parables ____________.
7. The place where Jesus fed four thousand people ____________.
8. According to Peter, Jesus was ____________________.
9. The transfiguration of Jesus took place on ____________________.
10. The parable of ______________describes God's love for his lost children.

**TEAM RAINBOW**

***Good Luck to all the participants.***

***TEAM RAINBOW***



Cultural Activities held as part of the Parish Feast Celebrations, 2013




Rev Bishop Peter Hugh Brown, CSsR celebrating the Holy Mass on the occasion of Parish Feast, 2013 with Fr Joy Thottamkara CSsR, Fr Jobin Vanniamparambil CSsR and other priests.

# Upcoming Events



The major events planned for 2014 are:

1. February 9th 2014: Sunday School Academic Year 2014 begins.
2. February 16th 2014: Holy Mass by Bishop Joseph Pandarassery, Auxillary Bishop of the Diocese of Kottayam.
3. March 1st 2014: Community Picnic
4. March 16th, 17th, 18th and 19th 2014: Annual Lenten Retreat led by Rev Fr Davis Pattath and team.

*Rainbow: Express, Exchange and be Informed of a Christian Way of Life !*



***Send your articles to rainbowsmcm@gmail.com***

**The Vision of the SM Mission**

***"We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children"***

**Printed and published by Syro Malabar Catholic Mission New Zealand, 66 Main Highway, Ellerslie, Auckland www.asmcm.org.nz Tel: 5795458 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**